**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 305** **07-10-2024 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരിയിൽ സിവിൽ സപ്ലൈസിന്റെ ഗോഡൗൺ നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി നഗരസഭയിൽ റവന്യൂ ടവറിന് സമീപം ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള ഭൂമിയിൽ സിവിൽ സപ്ലൈസിന്റെ ഗോഡൗൺ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. മന്ത്രിയുടെ അധ്യക്ഷതയിൽ 09.02.2023-ന് ചേർന്ന യോഗതീരുമാന പ്രകാരം എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ബഹു.ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.02.2023 ൽ ചേർന്ന യോഗത്തിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഗോഡൗൺ നിർമ്മിക്കു ന്നതിന് അനുയോജ്യമാണോയെന്ന feasibility report സമർപ്പിക്കുവാൻ അതത് ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ചങ്ങനാശ്ശേരിയിൽ റവന്യൂ ടവറിന് സമീപം ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള ഭൂമിയിൽ ഗോഡൗൺ നിർമ്മിക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ശുപാർശ സമർപ്പിക്കുക യുണ്ടായി. രണ്ട് വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും ഹൗസിംഗ് ബോർഡ് ഉടമസ്ഥതയിൽ നിലനിർത്തികൊണ്ട്, ഗോഡൗൺ നിർമ്മാണത്തിനായി മാത്രം ഭൂമിയുടെ ഉപയോഗാനുമതിയും കൈവശാനുഭവവും കൈമാറി നൽകണമെന്നാവശ്യപ്പെട്ട് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ശുപാർശ സമർപ്പിച്ചിരുന്നു. എന്നാൽ ഹൗസിംഗ് ബോർഡിന്റെ സ്ഥലത്ത് അവർ തന്നെ നിർമ്മിതി നടത്തി നൽകുന്ന വിധത്തിലുള്ള “Lease out” വ്യവസ്ഥയിൽ ശാസ്ത്രീയ ഗോഡൗൺ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുവാൻ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഗോഡൗൺ ലീസ് ഔട്ട് വ്യവസ്ഥയിൽ നിർമ്മിക്കുന്നത് പരിശോധിക്കാൻ പൊതു വിതരണ കമ്മിഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശ പ്രകാരം നാളിതുവരെയായി | (ബി) | ബഹു.ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.02.2023 ൽ ചേർന്ന യോഗത്തിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഗോഡൗൺ നിർമ്മിക്കു ന്നതിന് അനുയോജ്യമാണോയെന്ന |

| | | | |
|---|---|---|---|
| | എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകാമോ? | | feasibility report സമർപ്പിക്കുവാൻ അതത് ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ചങ്ങനാശ്ശേരിയിൽ റവന്യൂ ടവറിന് സമീപം ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള ഭൂമിയിൽ ഗോഡൗൺ നിർമ്മിക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ശുപാർശ സമർപ്പിക്കുക യുണ്ടായി. രണ്ട് വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും ഹൗസിംഗ് ബോർഡ് ഉടമസ്ഥതയിൽ നിലനിർത്തികൊണ്ട്, ഗോഡൗൺ നിർമ്മാണത്തിനായി മാത്രം ഭൂമിയുടെ ഉപയോഗാനുമതിയും കൈവശാനുഭവവും കൈമാറി നൽകണമെന്നാവശ്യപ്പെട്ട് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ശുപാർശ സമർപ്പിച്ചിരുന്നു. എന്നാൽ ഹൗസിംഗ് ബോർഡിന്റെ സ്ഥലത്ത് അവർ തന്നെ നിർമ്മിതി നടത്തി നൽകുന്ന വിധത്തിലുള്ള “Lease out” വ്യവസ്ഥയിൽ ശാസ്ത്രീയ ഗോഡൗൺ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുവാൻ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ